(ബി) ആരംഭ ഘട്ടത്തിൽ സാധാരണയായി ഉണ്ടാകാറുള്ള ചെറിയ കാലതാമസം ഉണ്ടാകുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു.

(സി) മഹാരാഷ്ട്ര, രാജസ്ഥാൻ, തമിഴ്നാട്.

(ഡി) റിട്ട് പെറ്റീഷൻ ഫയലുകൾ പരിസിഥരെ ഫയൽ രൂപത്തിലാണ് പരിശോധിക്കുന്നത്. അധികം പേജുകളുള്ള ഫയലുകൾ സ്കാൻ ചെയ്യുവാൻ കൂടുതൽ സമയം ആവശ്യമാണ്. അത് പരിഹരിക്കുന്നതിനായി ധനകാര്യ (ആർ.എം.യു.) വകുപ്പിൽ മൂന്ന് ഉയർന്ന പ്രവർത്തനക്ഷമതയുള്ള സ്കാനറുകൾ സജ്ജമാക്കിയിട്ടുണ്ട്. അതുവഴി സ്കാൻ ചെയ്ത് ഫയലുകൾ ഡയറൈസേഷൻ നടത്തിയശേഷം സെക്ഷനുകളിലേക്ക് ഈ ഓഫീസ്വഴി അയയ്ക്കുന്നു. എന്നാൽ കുറച്ച് പേജുകളുള്ള തപാലുകൾ അതാത് സെക്ഷനുകളിൽതന്നെ ഫ്ളാറ്റ് ബെഡ് സ്കാനറുകൾവഴി സ്കാൻ ചെയ്ത് കാലതാമസം കൂടാതെ തീർപ്പുകൽപ്പിക്കുന്നുണ്ട്.

ഭരണാനുമതി കാത്തുകിടക്കുന്ന ഫയലുകൾ

122 (6573) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വികസന പദ്ധതികളുടെ ഭരണാനുമതിക്കായി വന്ന എത്ര ഫയലുകൾ ധനകാര്യവകുപ്പിൽ കെട്ടിക്കിടപ്പുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുതഫയലുകളിലെല്ലാം ചേർന്ന് എത്ര രൂപയുടെ പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(സി) ധനകാര്യ വകുപ്പിൽ മൂന്ന് മാസക്കാലമായി തീർപ്പുകൽപ്പിക്കാത്ത എത്ര ഫയലുകളുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) ടി ഫയലുകളിൽ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ധനോത്തരവാദ നിയമപ്രകാരം ഉള്ള ലക്ഷ്യം

123 (6574) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനോത്തരവാദ നിയമപ്രകാരം ഉള്ള ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വീക്ഷ്യം കൈവരിക്കാതിരുന്നാലുള്ള ഭവിഷ്യത്തുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം റവന്യുകമ്മി 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചുകൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യുകമ്മി ഇല്ലാതാക്കേണ്ടതാണ്.

2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14-ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2014 മാർച്ച് 31-ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉത്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്.

2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പന്നത്തിന്റെ യഥാക്രമം 32.3 ശതമാനം, 31.7 ശതമാനം, 30.7 ശതമാനം, 29.8 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാല് വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉത്പന്നത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്.

സാമൂഹ്യ ആരോഗ്യ മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുവാനും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട്, ആസ്തി സംരക്ഷണ ഫണ്ട് എന്നിവയ്ക്കായും ഈ മേഖലകളിലെ പുതിയ പദ്ധതികൾക്കായും വർദ്ധിച്ച തോതിൽ തുക ചെലവഴിക്കേണ്ടി വരുന്നതും കാരണം റവന്യു ചെലവ് ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സംസ്ഥാനത്തിന് സാധ്യമായിട്ടില്ല. വർദ്ധിച്ചുവരുന്ന റവന്യു ചെലവ്മൂലവും പ്രതീക്ഷിച്ചനിലയിൽ റവന്യു വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകാത്തത്മൂലവും ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം, 2011-ൽ വീക്ഷ്യമിട്ടതുപോലെ റവന്യു കമ്മിയും ധനകമ്മിയും ക്രമാനുഗതമായി കുറച്ചുകൊണ്ടുവരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയുടെ കാര്യത്തിൽ 2011-12, 2012-13, 2013-14 (പ്രാഥമിക കണക്കുകൾ പ്രകാരം) വർഷങ്ങളിൽ വീക്ഷ്യം നേടാൻ സാധിച്ചിട്ടുണ്ട്.

(ബി) റവന്യു കമ്മിയും ധനകമ്മിയും ക്രമാനുഗതമായി ഇല്ലാതാക്കുന്നതിനും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായവിധം കടത്തിന്റെ സഹായിയായ മാനേജുമെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ട് സാമ്പത്തിക സുസ്ഥിരത നേടിയെടുക്കുന്നതിനുള്ള ലക്ഷ്യങ്ങളാണ് കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ദീർഘകാലം ഈ ലക്ഷ്യങ്ങൾ കൈവരിക്കാതിരിക്കുന്നത് സാമ്പത്തിക അസ്ഥിരതയ്ക്ക് കാരണമാകും.

എം.എൽ.എ.മാരുടെ ആസ്തിവികസന പദ്ധതി

124 (6575) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു എം.എൽ.എ.-ക്ക് ഒരു വർഷം എത്ര പ്രവൃത്തികളാണ് അനുവദിക്കുന്നതെന്നും ഒരു പ്രവൃത്തിക്കുള്ള ഏറ്റവുംകുറഞ്ഞ തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെകീഴിലുള്ള എഞ്ചിനീയറിംഗ് വിങ്വഴി സമർപ്പിക്കണമെന്ന സർക്കുലറിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) എം.എൽ.എ. മാരുടെ ആസ്തിവികസന പദ്ധതിക്ക്കീഴിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു സാമ്പത്തികവർഷം 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുതപദ്ധതിയിലുൾപ്പെടുത്തി 6-4-2013-ലെ സ.ഉ.(പി) നമ്പർ 157/2013/ധന. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം പരമാവധി 15 പ്രവൃത്തികൾവരെ ഏറ്റെടുത്ത് നടപ്പാക്കാം. ഇതുപ്രകാരം ഒരു പ്രവൃത്തിക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ തുക 25 ലക്ഷം രൂപയാണ്.

(ബി) 3-6-2014-ലെ സർക്കുലർ നമ്പർ 54/2014/ധനയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്തന്നെ ഏറ്റെടുത്ത് നടപ്പാക്കണം. എന്നാൽ ഇത്തരം പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനെയോ മറ്റ് സർക്കാർ അംഗീകൃത ഏജൻസികളെയോ ഏൽപ്പിക്കുന്നപക്ഷം അത് ബന്ധപ്പെട്ട പഞ്ചായത്തിന്റെയോ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ കമ്മിറ്റി തീരുമാനത്തിന്റെ അംഗീകാരത്തോടെ ഡെപ്പോസിറ്റ് വർക്കായി നടത്തണമെന്നും പ്രസ്തുത സർക്കുലർ നിഷ്കർഷിക്കുന്നുണ്ട്. തെരഞ്ഞെടുത്ത സർക്കുലർ അറിവിലേയ്ക്കായി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly